# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 31.07.2025**

## പ്രധാനവാർത്തകൾ

1) പ്രധാൻ മന്ത്രി കൃഷി സംപദാ യോജനയുടെ വിഹിതം 6,520 കോടി രൂപയായി വർദ്ധിപ്പിച്ച് കേന്ദ്ര മന്ത്രിസഭാ യോഗം. ദേശീയ സഹകരണ വികസന കോർപ്പറേഷൻ ശക്തിപ്പെടുത്താനും തീരുമാനം.

2) മുതലപ്പൊഴി സമഗ്ര വികസന പദ്ധതിയുടെ നിർമ്മാണോദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവ്വഹിച്ചു. പദ്ധതിക്കായി കേന്ദ്ര മന്ത്രി ജോർജ് കുര്യൻ നടത്തിയ ശ്രമങ്ങളെ പ്രകീർത്തിച്ച് മുഖ്യമന്ത്രി.

3) സപ്ലൈകോ വഴി ഓണത്തിന് വെളിച്ചെണ്ണ ലിറ്ററിന് 349 രൂപ നിരക്കിൽ ലഭ്യമാക്കുമെന്ന് മന്ത്രി ജി.ആർ അനിൽ. സപ്ലൈകോ ഓണച്ചന്തകൾ ഓഗസ്റ്റ് 25 മുതൽ പ്രവർത്തനമാരംഭിക്കും.

4) സംസ്ഥാനത്ത് 52 ദിവസം നീണ്ട ട്രോളിങ് നിരോധനം ഇന്ന് അർദ്ധരാത്രി അവസാനിക്കും. പ്രതീക്ഷയോടെ മത്സ്യത്തൊഴിലാളികൾ

5) പ്രശസ്ത നാടകനടനും, ടെലിവിഷൻ അഭിനേതാവുമായ KPAC രാജേന്ദ്രൻ അന്തരിച്ചു.

*********************

RNUTVPM

## മന്ത്രിസഭ (ഇൻട്രോ)

പ്രധാൻ മന്ത്രി കൃഷി സംപദാ യോജനയുടെ പദ്ധതി വിഹിതം 6,520 കോടി രൂപയായി വർദ്ധിപ്പിച്ച് കേന്ദ്ര മന്ത്രിസഭാ യോഗം. 1,920 കോടി രൂപയുടെ അധിക വിഹിതത്തിനാണ് ഇന്ന് ചേർന്ന മന്ത്രിസഭായോഗം അനുമതി നൽകിയത്. ഭക്ഷ്യ സംസ്കരണ സംവിധാനങ്ങൾ, ഭക്ഷ്യ പരിശോധനാ ലാബുകൾ എന്നിവ പദ്ധതിയിലൂടെ സജ്ജമാക്കുമെന്നും, തീരുമാനങ്ങൾ വിശദീകരിച്ചുകൊണ്ട് കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു. (ഹോൾഡ്)

ദേശീയ സഹകരണ വികസന കോർപ്പറേഷൻ ശക്തിപ്പെടുത്തുന്നതിനായി 2,000 കോടിയുടെ ധനസഹായത്തിനും മന്ത്രിസഭ അനുമതി നൽകി. ഇതിലൂടെ പൊതുവിപണിയിൽ നിന്നും 20,000 കോടി രൂപ വരെ നാല് വർഷം കൊണ്ട് NCDC യ്ക്ക് സമാഹരിക്കാൻ സാധിക്കും.

**********************

## പീയുഷ് ഗോയൽ

ഇന്ത്യൻ ഉത്പന്നങ്ങൾക്ക് അമേരിക്ക ഏർപ്പെടുത്തിയ 25 ശതമാനം തീരുവയുടെ പ്രത്യാഘാതങ്ങൾ പരിശോധിച്ച് വരികയാണെന്ന് കേന്ദ്ര വാണിജ്യ മന്ത്രി പീയുഷ് ഗോയൽ. ദേശീയ താത്പര്യങ്ങൾ സംരക്ഷിക്കുന്ന തരം നടപടികളായിരിക്കും സർക്കാർ സ്വീകരിക്കുകയെന്നും, പാർലമെൻറിൽ നടത്തിയ പ്രസ്താവനയിൽ മന്ത്രി വ്യക്തമാക്കി. കർഷകരുമായും, സംരംഭകരുമായും, MSME കൾ, വ്യവസായ സ്ഥാപനങ്ങൾ എന്നിവയുമായും സർക്കാർ ഇത് സംബന്ധിച്ച് കൂടിയാലോചന നടത്തും. അമേരിക്കയുമായി ഉഭയകക്ഷി വ്യാപാര കരാറിലേർപ്പെടുന്നതിനുള്ള ചർച്ചകൾ കഴിഞ്ഞ കുറച്ച് മാസങ്ങളായി ഇരുരാജ്യങ്ങൾക്കുമിടയിൽ തുടരുകയാണെന്നും മന്ത്രി പറഞ്ഞു. അതേസമയം ബിഹാർ തീവ്ര വോട്ടർ പട്ടിക പരിഷ്കരണം ഉൾപ്പടെയുള്ള വിഷയങ്ങളിൽ പാർലമെന്റിൽ ഇന്നും പ്രതിപക്ഷം പ്രതിഷേധം ഉയർത്തി.

RNU TVPM

ഒന്നിലേറെ തവണ നിർത്തിവച്ച ഇരു
സഭകളും ഒടുവിൽ ഇന്നത്തേക്ക് പിരിയുകയായിരുന്നു.

*********************

<u>മുതലപ്പൊഴി - ജോർജ്ജ് കുര്യൻ</u>

തിരുവനന്തപുരം മുതലപ്പൊഴി മത്സ്യബന്ധന
തുറമുഖത്തെ  സമഗ്ര വികസന പദ്ധതിയുടെ
നിർമ്മാണോദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ
ഓൺലൈനായി നിർവ്വഹിച്ചു. ഫെഡറലിസത്തിൻ്റെ ഉത്തമ
മാതൃകയാണ് ഈ പദ്ധതിയെന്ന് മുഖ്യമന്ത്രി
പറഞ്ഞു.  മുതലപ്പൊഴി പദ്ധതിക്കായി കേന്ദ്ര മന്ത്രി ജോർജ്
കുര്യൻ നടത്തിയ ശ്രമങ്ങളെ മുഖ്യമന്ത്രി പ്രകീർത്തിച്ചു.
അപകടങ്ങൾ ഉണ്ടാകാതിരിക്കാനുള്ള എല്ലാ പഠനവും
നടത്തിയാണ് ഫിഷറീസ് ഹാർബർ നിർമിക്കുന്നതെന്ന് ചടങ്ങിൽ
മുഖ്യാതിഥിയായിരുന്ന കേന്ദ്ര ഫിഷറീസ് സഹമന്ത്രി ജോർജ്ജ്
കുര്യൻ പറഞ്ഞു.  കേന്ദ്ര - സംസ്ഥാന സർക്കാരുകൾ 177 കോടി
രൂപ ചെലവഴിച്ചാണ് മുതലപ്പൊഴി മത്സ്യബന്ധന തുറമുഖം
'ഗ്രീൻ ആൻഡ് ബ്ലൂ പോർട്ട്' നിലവാരത്തിലേക്ക് ഉയർത്തുന്നത്.

*********************

<u>മന്ത്രി ജി ആർ അനിൽ - ഇൻട്രോ</u>

സംസ്ഥാനത്ത് ഇത്തവണ ഓണം പ്രമാണിച്ച് സപ്ലൈകോ വഴി
സബ്സിഡി വെളിച്ചെണ്ണ ലിറ്ററിന് 349 രൂപ നിരക്കിലും, അര
ലിറ്ററിന് 179 രൂപാ നിരക്കിലും ലഭ്യമാക്കുമെന്ന് മന്ത്രി ജി.ആർ
അനിൽ. ഓഗസ്റ്റ് 25  മുതൽ സെപ്റ്റംബർ നാലു വരെ
സപ്ലൈകോ ഓണച്ചന്തകൾ പ്രവർത്തിക്കുമെന്നും അദ്ദേഹം
തിരുവനന്തപുരത്ത് വാർത്താസമ്മേളനത്തിൽ പറഞ്ഞു. ആറ്
ലക്ഷത്തോളം വരുന്ന AAY റേഷൻ കാർഡ് ഉടമങ്ങൾക്ക്
ഓണക്കിറ്റുകൾ വിതരണം ചെയ്യുമെന്നും മന്ത്രി അറിയിച്ചു.

(വോയിസ്)

*********************

<u>കുടുംബശ്രീ മിഷൻ- മന്ത്രി എം ബി രാജേഷ്</u>

PNUTVPM

ഓണത്തോട് അനുബന്ധിച്ച് കുടുംബശ്രീ എല്ലാ പഞ്ചായത്തുകളിലും ഓണ വിപണന കേന്ദ്രങ്ങൾ സംഘടിപ്പിക്കുമെന്ന് മന്ത്രി എം.ബി രാജേഷ്.കുടുംബശ്രീ മിഷൻ മാധ്യമ പ്രവർത്തകർക്കായി സംഘടിപ്പിച്ച ശിൽപശാല തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.ഒൻപത് ഇനങ്ങൾ അടങ്ങിയ സമ്മാന പൊതികളും ഓണക്കിറ്റുകളും 799 രൂപ നിരക്കിൽ കുടുംബശ്രീ ലഭ്യമാക്കുമെന്നും അദ്ദേഹം അറിയിച്ചു.

*********************

## ട്രോളിംഗ് നിരോധനം

സംസ്ഥാനത്ത് 52 ദിവസംനീണ്ട ട്രോളിങ്ങ് നിരോധനം ഇന്ന് അർദ്ധരാത്രി അവസാനിക്കും. ബോട്ടുകളുടെ അറ്റകുറ്റപ്പണികൾ ഉൾപ്പെടെ പൂർത്തിയാക്കി കടലിൽ പോകാനുള്ള തയ്യാറെടുപ്പിലാണ് മത്സ്യത്തൊഴിലാളികൾ . ബോട്ടുകളിൽ ഇന്ധനം നിറച്ച്, ഐസും , മത്സ്യബന്ധന ഉപകരണങ്ങളും, ആഹാരസാധനങ്ങളും കയറ്റിത്തുടങ്ങി.

RNU TVPM

*********************

## ഓവർസിയറെ സസ്പെൻഡ് ചെയ്തു

കൊല്ലം തേവലക്കരയിലെ എട്ടാം ക്ലാസ് വിദ്യാർഥി മിഥുൻ സ്കൂൾ പരിസരത്ത് ഷോക്കേറ്റ് മരിച്ച സംഭവത്തിൽ കെ.എസ്.ഇ.ബി. തേവലക്കര സെക്ഷനിലെ ഓവർസിയറായ ബിജു .എസ് നെ സസ്പെൻഡ് ചെയ്തു. കെ. എസ്.ഇ ബി. ഓവർസിയർമാരെ പ്രതി പട്ടികയിൽ ഉൾപ്പെടുത്തി പോലീസ് കേസെടുത്തതിന് പിന്നാലെയാണ് വകുപ്പ്തല നടപടി. സംഭവത്തിൽ കെ.എസ്.ഇ.ബി. അന്വേഷണം തുടരുമെന്നും, അനാസ്ഥയിൽ ഉത്തരവാദികളായ എല്ലാവർക്കുമെതിരെ നടപടി ഉണ്ടാകുമെന്നും മിഥുന്റെ വീട് സന്ദർശിച്ചശേഷം വൈദ്യുതി മന്ത്രി കെ.കൃഷ്ണൻകുട്ടി പറഞ്ഞു . കെ.എസ്.ഇ.ബി യുടെ സഹായധനമായി 5 ലക്ഷം രൂപയുടെ ചെക്ക് മന്ത്രി കുടുംബത്തിന് കൈമാറി.

*********************

## എം.ബി.രാജേഷ് - ഇ- വേസ്റ്റ്

സംസ്ഥാനത്തെ മാലിന്യ നിർമാർജ്ജനത്തിന് കൂടുതൽ പദ്ധതികൾ ആവിഷ്ക്കരിക്കുമെന്ന് മന്ത്രി എം.ബി.രാജേഷ്. ഇ-വേസ്റ്റ് ശേഖരണം സെപ്റ്റംബർ മുതൽ എല്ലാ ഗ്രാമപഞ്ചായത്തുകളിലും നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അദ്ദേഹം തിരുവനന്തപുരത്ത് വാർത്താസമ്മേളനത്തിൽ അറിയിച്ചു. ബിവറേജസ് കോർപ്പറേഷൻ ഔട്ട് ലെറ്റുകൾ വഴി മദ്യം വിൽക്കുന്ന പ്ലാസ്റ്റിക്, ഗ്ലാസ് കുപ്പികൾക്ക് ഡെപോസിറ്റ് തുക ചുമത്തിയ ശേഷം , കുപ്പികൾ തിരികെ നൽകുമ്പോൾ തുക മടക്കി നൽകുന്ന പുതിയ സംവിധാനം ആവിഷ്ക്കരിക്കും. ക്ളീൻ കേരള കമ്പനിയുമായി ചേർന്ന് സെപ്റ്റംബറിൽ തിരുവനന്തപുരത്തും കണ്ണൂരും പദ്ധതി പരീക്ഷണാടിസ്ഥാനത്തിൽ നടപ്പാക്കുമെന്നും മന്ത്രി അറിയിച്ചു.

*********************

## ഡീലിമിറ്റേഷൻ കമ്മീഷൻ

സംസ്ഥാനത്തെ 14 ജില്ലാ പഞ്ചായത്തുകളിലെ കരട് വാർഡ് വിഭജന നിർദ്ദേശങ്ങൾ സംബന്ധിച്ച പരാതികളിൻമേൽ ഡീലിമിറ്റേഷൻ കമ്മീഷൻ ഹീയറിംഗ് പൂർത്തിയായി. പരാതി സമർപ്പിച്ചിട്ടുള്ളവരിൽ ഹാജരായ മുഴുവൻ പേരെയും കമ്മീഷൻ നേരിൽ കേട്ടു. ഇതോടെ വാർഡ് വിഭജനത്തിന്റെ പ്രക്രിയകൾ അന്തിമഘട്ടത്തിലേക്ക് കടന്നിരിക്കുകയാണ്.

*********************

## കേരള ഫിലിം പോളിസി കോൺക്ലേവ് (ഇൻട്രോ)

കേരള ഫിലിം പോളിസി കോൺക്ലേവിന് മറ്റന്നാൾ തിരുവനന്തപുരത്ത് തുടക്കമാകും. സംസ്ഥാനത്ത് പുതിയ സിനിമാ നയം രൂപീകരിക്കാൻ ലക്ഷ്യമിട്ടുള്ള രണ്ട് ദിവസത്തെ കോൺക്ലേവ് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രജു കോലിയക്കോട്

RNU TVPM

(വോയ്സ്)

*********************

## ഛത്തിസ്ഗഢ് - പ്രതിഷേധം

ഛത്തിസ്ഗഢിൽ അറസ്റ്റിലായ മലയാളി കന്യാസ്ത്രീകളുടെ മോചനം സംബന്ധിച്ച് കേരളത്തിൽ നിന്നുള്ള എം പി മാർ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായുമായി ഇന്ന് ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. കന്യാസ്ത്രീകളുടെ മോചനത്തിന് ആവശ്യമായ എല്ലാ സഹായം നൽകുമെന്ന് കേന്ദ്ര മന്ത്രി ഉറപ്പ് നൽകിയതായി എൻ. കെ പ്രേമചന്ദ്രൻ എം പി മാധ്യമങ്ങളോട് പറഞ്ഞു. അതേസമയം കന്യാസ്ത്രീകളെ അടിയന്തരമായി മോചിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് നാളെ സംസ്ഥാന വ്യാപകമായി പ്രതിഷേധ പ്രകടനം സംഘടിപ്പിക്കുമെന്ന് കോൺഗ്രസ് സംസ്ഥാന നേതൃത്വം വ്യക്തമാക്കി . .

*********************

RNUTVPM

## KPAC രാജേന്ദ്രൻ-മരണം

പ്രശസ്ത നാടകനടനും, ടെലിവിഷൻ അഭിനേതാവുമായ KPAC രാജേന്ദ്രൻ അന്തരിച്ചു. 75 വയസായിരുന്നു. വൃക്ക സംബന്ധമായ അസുഖങ്ങളെത്തുടർന്ന് ആലപ്പുഴ വണ്ടാനം മെഡിക്കൽ കോളേജിൽ ചികിത്സയിലിരിക്കെയാണ് അന്ത്യം. അരനൂറ്റാണ്ടായി നാടക രംഗത്ത് സജീവമായിരുന്ന അദ്ദേഹം 'നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി' ഉൾപ്പെടെയുള്ള കെപിഎസി നാടകങ്ങളിൽ ശ്രദ്ധേയ കഥാപാത്രങ്ങളെ അവതരിപ്പിച്ചിരുന്നു. ഉപ്പും മുളകും എന്ന പരമ്പരയിലെ അഭിനയത്തിലൂടെ ടെലിവിഷൻ പ്രേക്ഷകർക്കിടയിലും ഏറെ ജനപ്രീതി നേടാനായി.

*********************

## കെ.എം കെ. വെള്ളയി-മരണം

പ്രമുഖ മാപ്പിളപ്പാട്ട് ഗായകനും ആകാശവാണി ആർട്ടിസ്റ്റുമായിരുന്ന കെ.എം കെ. വെള്ളയിൽ അന്തരിച്ചു. വാർദ്ധക്യസഹജമായ അസുഖങ്ങളെ തുടർന്ന്

കോട്ടക്കലിലായിരുന്നു അന്ത്യം. 40 വർഷങ്ങളിലേറെയായി മാപ്പിളപ്പാട്ട് ആസ്വാദകർക്ക് ചിരപരിചിതനായ അദ്ദേഹത്തിന് കേരളത്തിനകത്തും പുറത്തും ആരാധകർ ഏറെയാണ്.

*********************

<u>ഗവ. എൽ പി സ്കൂളിന് പൂട്ടുവീണു</u>

ആലപ്പുഴ എടത്വയിലെ കോഴിമുക്ക് ഗവ. എൽ പി സ്കൂളിൻറെ ഫിറ്റ്നസ്സ് റദ്ദാക്കി. പരിശോധിക്കാതെയാണ് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിയതെന്ന് ചൂണ്ടിക്കാട്ടിയുള്ള ചില രക്ഷിതാക്കളുടെ പ്രതിഷേധത്തെ തുടർന്നാണ് എടത്വാ ഗ്രാമപഞ്ചായത്ത് അധികൃതർ സ്ഥലത്തെത്തി ഫിറ്റ്നസ്സ് റദ്ദാക്കിയത്. അരനൂറ്റാണ്ട് പഴക്കമുള്ള ഓടുമേഞ്ഞ കെട്ടിടത്തിൻറെ സീലിംഗ് അടർന്നും ഓടുകൾ പൊട്ടിയകന്ന നിലയിലുമായിരുന്നു. 2022 ൽ 60 ലക്ഷം രൂപാ മുടക്കി മറ്റൊരു കെട്ടിടം നിർമ്മിച്ചെങ്കിലും കൈവരിയുടെ അഭാവത്തിൽ ഇതിന് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിച്ചിരുന്നില്ല.

*********************

***************

********

RNUTVPM